പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3505 18.2.2013 ൽ മറുപടിയ്ക്ക്

ജന്മനാ വൈകല്യമുള്ള കുട്ടികളുടെ ചികിത്സ, വിദ്യാഭ്യാസം, പുനരധിവാസം എന്നിവയ്ക്കായി നടപ്പാക്കി വരുന്ന പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.ഉമ്മർ<br>ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി<br>ശ്രീ.എൻ.ഷംസുദ്ദീൻ<br>ശ്രീ.പി.കെ.ബഷീർ | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |

| | |
|---|---|
| (എ) ജന്മനാ വൈകല്യമുള്ള കുട്ടികളുടെ ചികിത്സ, വിദ്യാഭ്യാസം, പുനരധിവാസം എന്നിവയ്ക്കായി സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ നടപ്പാക്കി വരുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ; | (എ) ജന്മനാ ബധിരരും മൂകരുമായ കുട്ടികൾക്ക് കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറി നടത്തുന്ന ശ്രുതി തരംഗം പദ്ധതി ഉണ്ട്. ബധിരരും മൂകരുമായ കുട്ടികൾക്ക് കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറി നടത്തി രണ്ട് വർഷം നീണ്ടു നിൽക്കുന്ന ആഡിറ്ററി വെർബൽ ഹബിലിറ്റേഷനിലൂടെ കുട്ടികളുടെ ശ്രവണ ശേഷിയും സംസാര ശേഷിയും വീണ്ടെടുക്കുകയെന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യം. സംസ്ഥാനത്തെ രണ്ട് ലക്ഷം രൂപ വരെ കുടുംബ വാർഷിക വരുമാനമുള്ള കുടുംബങ്ങളിലെ 5 വയസ്സുവരെ പ്രായമുള്ള ബധിരരും മൂകരുമായ കുട്ടികൾക്കാണ് ഈ പദ്ധതിയുടെ ആനുകൂല്യം ലഭ്യമാകുക.<br>ജന്മനാ വൈകല്യമുള്ള കുട്ടികൾക്ക് ചികിത്സാ ധനസഹായമായി 5000/- രൂപ (പരമാവധി) നൽകുന്നു. പഠിക്കുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകി വരുന്നു. ഇത്തരത്തിലുള്ളവരെ പുനരധിവസിപ്പിക്കുന്നതിനായി ആലപ്പുഴ, തലശ്ശേരി എന്നിവിടങ്ങളിൽ ബാലവികലാംഗ സദനവും മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികളെ പുനരധിവസിപ്പിക്കുന്നതിനായി കോഴിക്കോട് HMDC യും നിലവിൽ ഉണ്ട്. ശയ്യാവലംബരായിട്ടുള്ളവരെ പരിചരിക്കുന്നവർക്ക് പ്രതിമാസം 400/- രൂപ നിരക്കിൽ നൽകുന്ന 'ആശ്വാസ കിരണം' പദ്ധതി നിലവിൽ ഉണ്ട്. |

| | |
|---|---|
| (ബി) ഇവർക്ക് ഏതൊക്കെ വിധത്തിലുള്ള സാമ്പത്തിക സഹായത്തിനും സൗജന്യങ്ങൾക്കും അർഹതയുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) ചികിത്സാ ധനസഹായമായി പരമാവധി 5000/- രൂപ, പഠിക്കുന്ന കുട്ടികൾക്ക്, സ്കോളർഷിപ്പ്, ശയ്യാവലംബരായിട്ടുള്ളവരെ പരിചരിക്കുന്നവർക്ക് പ്രതിമാസം 400/- രൂപ നിരക്കിൽ 'ആശ്വാസ കിരണം' പെൻഷൻ (KSSM മുഖേന) എന്നീ വിധത്തിൽ ഉള്ള സാമ്പത്തിക സഹായങ്ങൾ നൽകി വരുന്നു. കൂടാതെ ജന്മനാ ഗുരുതരമായ വൈകല്യങ്ങൾ ബാധിച്ചവർക്കുള്ള ചികിത്സ 18 വയസ്സുവരെ സുരക്ഷാമിഷന്റെ താലോലം പദ്ധതിയിൽ ലഭ്യമാണ്. |
| (സി) ഇത്തരത്തിൽ പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ വിവരശേഖരണം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ, ഇവരുടെ പൂർണ്ണ വിവരം ശേഖരിച്ച് സൂക്ഷിക്കാനും, കാലാകാലങ്ങളിൽ അപ്ഡേറ്റ് ചെയ്യാനും നിർദ്ദേശം നൽകുമോ? | (സി) ICDS മുഖേന വിവര ശേഖരണം നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ